# ദക്ഷിണമേഖല നഗരകാര്യവകുപ്പ് ജോയിന്റ് ഡയറക്ടറുടെ ഉത്തരവ് നടപടികൾ

**നഗരകാര്യവകുപ്പ് റീജിയണൽ ജോയിന്റ് ഡയറക്ടർ ആഫീസ്, കൊല്ലം- ചട്ടവിരുദ്ധമായി പ്ലാൻ തയ്യാറാക്കി സമർപ്പിച്ച രജിസ്ട്രേഡ് സൂപ്പർവൈസർ ശ്രീ. പി.എൻ.സുകുമാരന്റെ സൂപ്പർവൈസർ A രജിസ്ട്രേഷൻ സസ്പെന്റ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

നം. ഇ- 1187/16 കൊല്ലം, തീയതി .19/11/2016

---

പരാമർശം:-

1. പാലാ നഗരസഭാ സെക്രട്ടറിയുടെ 02/03/2016-ലെ പി ഡബ്ല്യു2-9923/15-ാം നമ്പർ കത്ത്.
2. നഗരകാര്യ ഡയറക്ടറുടെ 01/04/2016-ലെ വി1- 6112/16-ാം നമ്പർ കത്ത്.
3. നഗരകാര്യവകുപ്പ് ദക്ഷിണമേഖലാ ജോയിന്റ് ഡയറക്ടറുടെ 08/08/2016-ലെ ഇ- 1187/16-ാം നമ്പർ കാരണം കാണിക്കൽ നോട്ടീസ്.
4. ശ്രീ. പി.എൻ. സുകുമാരൻ, ബിൽഡേഴ്സ് ഇന്ത്യ, പാലാ യുടെ 24/08/2016-ലെ മറുപടി.
5. ശ്രീ. പി.എൻ. സുകുമാരൻ, ബിൽഡേഴ്സ് ഇന്ത്യ, പാലാ 28/09/2016-ൽ നേരിൽ ഹാജരായി സമർപ്പിച്ച മൊഴി.

## ഉത്തരവ്

പാലാ നഗരസഭയിലെ 20-ാം വാർഡിൽ മീനച്ചിൽ താലൂക്കിൽ ളാലം വില്ലേജിൽ, ബ്ലോക്ക് നമ്പർ 80 , റീ സർവ്വെ 49/35 ൽ ഉൾപ്പെടെ 1.08 ആർ വസ്തുവിൽ 56.60 ച.മീ വിസ്തൃതിയിൽ ഇരുനില വാണിജ്യ കെട്ടിടം നിർമ്മിക്കുന്നതിന് ശ്രീമതി. മാർഗരറ്റ് റാണി ജോർജ്ജ്, പറമ്പിൽ , പാലാ പി.ഒ എന്ന വ്യക്തിയുടെ കെട്ടിട നിർമ്മാണ അപേക്ഷയും അനുബന്ധ രേഖകളും ശ്രീ. പി.എൻ. സുകുമാരൻ, ബിൽഡേഴ്സ് ഇന്ത്യ, പാല എന്ന രജിസ്ട്രേഡ് സൂപ്പർവൈസർ മുഖേന നഗരസഭയിലേക്ക് ഇ-ഫയൽ ചെയ്യപ്പെടുകയും നിർമ്മാണനുമതി ലഭ്യമാക്കുകയും ചെയ്തിട്ടുള്ളതുമാണ്. എന്നാൽ അപേക്ഷക മരണപ്പെട്ട ആളാണെന്ന ഓവർസിയറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, പ്രസ്തുത വിഷയം മറച്ചുവച്ചു കൊണ്ട് കെട്ടിട നിർമ്മാണ അപേക്ഷ ഇ-ഫയൽ ചെയ്ത ലൈസൻസി ശ്രീ. പി.എൻ. സുകുമാരനെതിരെ നടപടി സ്വീകരിക്കുന്നതിന് പരാമർശം (1), (2) എന്നിവ പ്രകാരം ആവശ്യപ്പെട്ടിട്ടുണ്ട്.

ടി വിഷയത്തിൽ പരാമർശം (3) പ്രകാരം ലൈസൻസിയിൽ നിന്ന് വിശദീകരണംതേടിയതിന് പരാമർശം (4) പ്രകാരം ടിയാൻ മറുപടി നൽകുകയും

പരാമർശം (5) പ്രകാരം നേരിൽ ഹാജരായി മൊഴി സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ടി മറുപടിയിലും, മൊഴിയിലും അപേക്ഷകയുടെ ഭർത്താവാണ് രേഖകളുമായി സമീപിച്ചതെന്നും അപേക്ഷക മരണപ്പെട്ടയാളാണെന്ന് മനസ്സിലാക്കാൻ സാധിച്ചിട്ടില്ല എന്നുമാണ് സൂചിപ്പിച്ചിട്ടുള്ളത്.

1999-ലെ കേരള മുനിസിപ്പൽ കെട്ടിട നിർമ്മാണ ചട്ടം 153 ൽ പ്ലാനുകളും ഡ്രോയിംഗുകളും തയ്യാറാക്കി ഒപ്പ് വയ്ക്കുന്ന ലൈസൻസി പ്രസ്തുത പ്ലാനിലും ഡ്രോയിംഗിലും വിവരണങ്ങളിലും രേഖപ്പെടുത്തുന്ന വസ്തുതകളുടെ കുറ്റമില്ലായ്മയക്കും, സത്യാവസ്ഥകൾക്കും ഉത്തരവാദിയാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നതിനാൽ മരണപ്പെട്ട ആളുടെ പേരിൽ അപേക്ഷ തയ്യാറാക്കി പ്ലാൻ സമർപ്പിച്ചതിൽ ലൈസൻസിയുടെ ഭാഗത്ത് നിന്ന് ജാഗ്രതകുറവ് ഉണ്ടായതായി ബോധ്യപ്പെട്ട സാഹചര്യത്തിൽ കേരള മുനിസിപ്പൽ കെട്ടിട നിർമ്മാണ ചട്ടം 153 (8) പ്രകാരം ശ്രീ. പി.എൻ. സുകുമാരന്റെ സൂപ്പർവൈസർ A രജിസ്ട്രേഷൻ (നം. ഡി-27101/03/1351/എസ്എ) ഈ ഉത്തരവ് തീയതി മുതൽ 3 മാസത്തേക്ക് സസ്പെന്റ് ചെയ്ത് ഉത്തരവാകുന്നു. സസ്പെന്റ് ചെയ്ത വിവരം രേഖപ്പെടുത്തുന്നതിനായി ലൈസൻസി ഈ ഉത്തരവ് കൈപ്പറ്റി 7 ദിവസത്തിനകം ലൈസൻസ് രേഖകൾ കൊല്ലം നഗരകാര്യവകുപ്പ് റീജിയണൽ ജോയിന്റ് ഡയറക്ടർ മുമ്പാകെ സമർപ്പിക്കേണ്ടതാണ്.

**വി.ആർ.രാജു**
**റീജിയണൽ ജോയിന്റ് ഡയറക്ടർ (ഇൻ-ചാർജ്ജ്)**
**കൊല്ലം**

ശ്രീ. പി.എൻ. സുകുമാരൻ, ബിൽഡേഴ്സ് ഇന്ത്യ, പാല.

പകർപ്പ്:-

1. ഗവൺമെന്റ് സെക്രട്ടറി, തദ്ദേശസ്വയംഭരണ (ആർ സി ) വകുപ്പ്, തിരുവനന്തപുരം .(ആമുഖ പത്രം സഹിതം)
2. നഗരകാര്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.(ഡിപ്പാർട്ട്മെന്റ് .വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി.)
3. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
4. ദക്ഷിണമേഖലയിലെ എല്ലാ നഗരസഭാ സെക്രട്ടറിമാർക്കും.(ഇ-മെയിൽ മുഖേന)
5. റീജിയണൽ ജോയിന്റ് ഡയറക്ടർ, കൊച്ചി, കോഴിക്കോട്.